**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2819** **06-10-2025 - ൽ മറുപടിയ്ക്ക്**

**വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | വനിത സഹകരണ സംഘങ്ങളുടെ വികസനത്തിനായി **വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായം** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. 2025-26 ബഡ്ജറ്റിൽ 354.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുണ്ട്.<br><br>ടി പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ.<br><br>(എ) ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് സഹായം.<br><br>(ബി) വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾക്കുള്ള സഹായം.<br><br>(സി) വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ജില്ലാതലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.<br><br>(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്നതോ കാര്യക്ഷമമായ പദ്ധതികൾ ഏറ്റെടുക്കാൻ സാധ്യതയുള്ളതോ ആയ വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം.<br><br>(ഇ) വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് ശിൽപശാലകൾ/പരിശീലനം നടത്തുന്നതിനുള്ള സഹായം.<br><br>(എഫ്) കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം.<br><br>(ജി) ഡേകെയർ, പാലിയേറ്റീവ് കെയർ യൂണിറ്റ്, ടൂറിസം, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.<br><br>(എച്ച്) ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിത സഹകരണ സൊസൈറ്റികൾക്ക് പരമാവധി 5.00 ലക്ഷം രൂപ വരെ പ്രോത്സാഹനം നൽകുന്നു.<br><br>(ഐ) സഖി പ്രോജക്റ്റിനുള്ള സഹായം - സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും ഉയർന്ന നിലവാരമുള്ള പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവപരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം നൽകൽ ലക്ഷ്യമിട്ടുന്ന സഖി പദ്ധതിക്കുള്ള സഹായം. ഇത് 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പുതിയ ഉപഘടകമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി 2021-22 സാമ്പത്തിക വർഷം മുതൽ 682.325 ലക്ഷം രൂപ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ